"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കൃഷി വകുപ്പ് -കേരള കർഷകൻ ഇംഗ്ലീഷ് ഇ-ജേർണലിന്റെ എഡിറ്റോറിയൽ അസിസ്റ്റന്റ്, സോഷ്യൽ മീഡിയ മനേജ്മെന്റ് എന്നീ ജോലികൾക്കായി ഒരു ഉദ്യോഗാർത്ഥിയെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു

കൃഷി ( ഇ ബി )വകുപ്പ്

സ.ഉ.(സാധാ) നം.765/2024/AGRI തീയതി,തിരുവനന്തപുരം, 16-08-2024

പരാമർശം:-

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 22/05/2024 തീയതിയിലെ ADFW/5496/2024-TV1 നമ്പർ കത്ത്
2 26/02/2016 ലെ സ.ഉ(പി) നം.28/2016/ധന നമ്പർ സർക്കാർ ഉത്തരവ്
3 28/04/2017 ലെ സ.ഉ(പി) നം.56/2017/ധന നമ്പർ സർക്കാർ ഉത്തരവ്
4 21/07/2018 ലെ സ.ഉ.(പി) നം. 112/2018/ധന നമ്പർ സർക്കാർ ഉത്തരവ്
5 09/07/2019 ലെ സ.ഉ(പി) 81/2019/ധന നമ്പർ സർക്കാർ ഉത്തരവ്
6 11/02/2021- ലെ സ.ഉ(പി) നം.29/2021/ധന നമ്പർ സർക്കാർ ഉത്തരവ്

<u>ഉത്തരവ്</u>

കേരള കർഷകൻ ഇംഗ്ലീഷ് ഇ-ജേർണലിന്റെ എഡിറ്റോറിയൽ അസിസ്റ്റന്റ് സോഷ്യൽ മീഡിയ മനേജ്മെന്റ് എന്നീ ജോലികൾക്കായി ഒരു ഉദ്യോഗാർത്ഥിയെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭ്യമാകുന്ന ലിസ്റ്റ് പ്രകാരം ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ വെച്ച് ഇന്റർവ്യൂ നടത്തി നിയമിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഫാം ഇൻഫർമേഷൻ ബ്യൂറോയിലെ എഡിറ്റോറിയൽ അസിസ്റ്റന്റ്, സോഷ്യൽ മീഡിയ മാനേജ്മെന്റ് എന്നീ ജോലികൾക്കായി ടി തസ്തികയിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭ്യമാകുന്ന ലിസ്റ്റ് പ്രകാരം ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ വെച്ച് ഇന്റർവ്യൂ നടത്തി യോജിച്ച ഉദ്യോഗാർത്ഥിയെ കണ്ടെത്തി, ദിവസവേതന/കരാർ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ ഉൾപ്പെടുത്തികൊണ്ട് ധനകാര്യ(വ്യയം-സി) വകുപ്പിന്റെ പരാമർശം (2) (3) (4) (5) (6) ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് "സ്ഥിരപ്പെടുത്താൻ യാതൊരു അവകാശവാദവും ഉന്നയിക്കുന്നതല്ലെന്ന രേഖാമൂലമുള്ള ഉറപ്പ് വാങ്ങി സൂക്ഷിക്കേണ്ടതാണ്" എന്നീ വ്യവസ്ഥകളോടെ ഒരു വർഷത്തേക്ക് മാത്രമായി കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് കാർഷികവികസന കർഷകക്ഷേമ

വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3) ടി തസ്തിക അനിവാര്യമെങ്കിൽ കരാർ കാലാവധി അവസാനിക്കും മുന്നേ പ്രസ്തുത നിയമനം എംപ്ലോയ്മെന്റ് വഴി നികത്തുന്നതിനാവശ്യമായ മുന്നൊരുക്കങ്ങൾ കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ നടത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബാലഗോപാൽ കെ കെ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്) (എ&ഇ), കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ